പത്രക്കുറിപ്പ്

7- 10- 2017

## 'ഗണിതം വിസ്മയം'
## ഗണിതപഠനം രസകരമാക്കാൻ കുടുംബശ്രീ ബാലസഭാംഗങ്ങൾക്കായി ഗണിതശാസ്ത്ര സംസ്ഥാനതല മത്സരം

തിരുവനന്തപുരം: ഗണിതശാസ്ത്ര പഠനം എളുപ്പമാക്കുന്നതിനും ഗണിതത്തെ പ്രകൃതിയുമായും നിത്യജീവിതവുമായും കൂടുതൽ അടുപ്പിക്കുന്നതിനും കുടുംബശ്രീ ബാലസഭാ കുട്ടികൾക്കായി ഗണിതശാസ്ത്ര സംസ്ഥാനതല മത്സരം സംഘടിപ്പിക്കുന്നു. പ്രശസ്ത ഗണിതശാസ്ത്രജ്ഞൻ ശ്രീനിവാസ രാമാനുജന്റെ ജൻമദിനത്തോടനുബന്ധിച്ച് ഡിസംബറിലാണ് സംസ്ഥാനതല മത്സരത്തിന്റെ ഉദ്ഘാടനം.

കുടുംബശ്രീ ബാലസഭകളെ ശക്തിപ്പെടുത്തുകയും ബാലസഭാംഗങ്ങൾക്ക് രസകരമായ രീതിയിൽ ഗണിതപഠനം എളുപ്പമാക്കുക എന്നതുമാണ് മത്സരത്തിന്റെ ലക്ഷ്യം. സംസ്ഥാനതല മത്സരത്തിനു മുന്നോടിയായി പഞ്ചായത്ത് ബ്ളോക്ക് ജില്ലാതലത്തിൽ എൽ.പി, യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിൽ ഗണിതശാസ്ത്രം അടിസ്ഥാനമാക്കി മത്സരങ്ങൾ സംഘടിപ്പിക്കും. പ്രവർത്തനാധിഷ്ഠിത രീതിയിലായിരിക്കും എല്ലാ മത്സരങ്ങളും സംഘടിപ്പിക്കുക. പഞ്ചായത്ത് ബ്ളോക്ക് ജില്ലാതലത്തിൽ നിന്നും ബാലസഭയിലെ അംഗമായ പത്തു കുട്ടികളെ വീതമാണ് മത്സരത്തിനായി തിരഞ്ഞെടുക്കുന്നത്. മത്സരത്തിനായി ഓരോ ജില്ലയിൽ നിന്നും തിരഞ്ഞെടുത്ത റിസോഴ്സ് പേഴ്സൺമാർ ഗണിതശാസ്ത്ര രംഗത്തെ വിദഗ്ധർ എന്നിവർ ഉൾപ്പെട്ട പത്തംഗ ടീമിനാണ് ഇതു സംബന്ധിച്ച പരിശീലനം നൽകാനുള്ള ചുമതല. ഇതിന്റെ ഭാഗമായി ഒക്ടോബർ 20നു മുമ്പ് വാർഡുതലത്തിൽ മുഴുവൻ ബാലസഭാംഗങ്ങളെയും സംഘടിപ്പിച്ച് ഗണിതം മധുരം, ഗണിതം നിത്യജീവിതത്തിൽ, പ്രകൃതിയിലെ ഗണിതം എന്നീ വിഷയങ്ങളിൽ പ്രവർത്തനാധിഷ്ഠിത പരിശീലന കളരികൾ സംഘടിപ്പിക്കും.

പരിശീലന കളരിയിൽ ഇന്ത്യയിലെ പ്രശസ്തരായ ഗണിതശാസ്ത്രജ്ഞരെ കുറിച്ചും അവരുടെ സംഭാവനകളെ കുറിച്ചും ബാലസഭാംഗങ്ങൾക്ക് ക്ളാസെടുക്കും. സംസ്ഥാനതല മത്സരത്തിൽ മത്സരാർത്ഥികൾ ഉൾപ്പെടെ അഞ്ഞൂറോളം ബാലസഭാംഗങ്ങൾ പങ്കെടുക്കും.

മത്സരത്തിന്റെ നടത്തിപ്പിനും ഏകോപനത്തിനുമായി ഓരോ ജില്ലയിൽ നിന്നും രണ്ടു റിസോഴ്സ് പേഴ്സൺമാരെയും രണ്ട് ഗണിതശാസ്ത്ര വിദഗ്ധരെയും വീതം തിരഞ്ഞെടുത്തിട്ടുണ്ട്. ഇവർക്കുള്ള സംസ്ഥാനതല പരിശീലനം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ ഉദ്ഘാടനം ചെയ്തു. ഗണിതം കളിയിലൂടെ എന്ന വിഷയത്തിൽ സുധാകരൻ, ഗണിത ചരിത്രവും പ്രമുഖ ഗണിത ശാസ്ത്രജ്ഞരും എന്ന വിഷയത്തിൽ ടി.കെ കൊച്ചു നാരായണൻ എന്നിവർ പരിശീലനം നൽകി.

ശിൽപശാലയുടെ രണ്ടാം ദിവസം ഗണിതശാസ്ത്ര രംഗത്തെ വിദഗ്ധരുടെയും കുടുംബശ്രീ റിസോഴ്സ് പേഴ്സൺമാരുടെയും നേതൃത്വത്തിൽ പരിശീലനവുമായി ബന്ധപ്പെട്ട പഠനമാതൃകകളും പരിപാടിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും രൂപപ്പെടുത്തി. കുടുംബശ്രീ പ്രോഗ്രാം ഓഫീസർ അമൃത ജി.എസ് പ്രോഗ്രാം മാനേജർ സോയ തോമസ് സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ സുചിത.ടി എന്നിവർ പങ്കെടുത്തു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ